"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവ- മലപ്പുറം ജില്ല, ഏറനാട് താലൂക്ക്, മലപ്പുറം വില്ലേജ് റീസർവ്വെ നം.669/3 ബിയിൽപ്പെട്ട 9 ചതുരശ്ര മീറ്റർ ഭൂമി മിൽമ ബൂത്ത് നടത്തുന്നതിന് കോഴിക്കോട് മിൽമ ഡയറി മാനേജർക്ക് 2021 ഏപ്രിൽ മുതൽ 3 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.11/2025/RD തീയതി,തിരുവനന്തപുരം, 20-01-2025

---

പരാമർശം:-

1. മലപ്പുറം ജില്ലാ കളക്ടറുടെ 13.12.2023-ലെ ഡിസി എം പിഎം/2141/2023-സി2 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.05.2024 ലെ LR/657/2024-LR(J5) നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ല, ഏറനാട് താലൂക്ക്, മലപ്പുറം വില്ലേജ് റീസർവ്വെ നം.669/3 ബിയിൽപ്പെട്ട 9 ചതുരശ്ര മീറ്റർ ഭൂമി മിൽമ ബൂത്ത് നടത്തുന്നതിന് കോഴിക്കോട് മിൽമ ഡയറി മാനേജർക്ക് പാട്ടത്തിന് അനുവദിക്കുന്നതിന്, പരാമർശം (2) പ്രകാരം, ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2.മലപ്പുറം ജില്ലാ കളക്ടറുടെ 28.02.2006 ലെ ബി2/4585/2006 നമ്പർ നടപടിക്രമം പ്രകാരം പ്രസ്തുത ഭൂമിയുടെ പാട്ടം 2005-2006 സാമ്പത്തിക വർഷം മുതൽ 2007-2008 സാമ്പത്തിക വർഷം വരെ, പുതുക്കി നൽകിക്കൊണ്ട് ഉത്തരവായിരുന്നതായും, തുടർന്നുള്ള പാട്ടം പുതുക്കിയിട്ടില്ലാത്തതായും എന്നാൽ 24/09/2021-ലെ എൽ1/67/2018/റവ നം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 2008-09 മുതൽ 2021-22 വരെയുള്ള പാട്ടക്കുടിശ്ശിക 29.10.2021-ൽ അടവാക്കിയതായും ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ കീഴറി ദേശത്ത് റീസർവ്വെ നമ്പർ 669/3 ബി യിൽ ഉൾപ്പെട്ടതും, മലപ്പുറം പാലക്കാട് ദേശീയപാതയുടെ തെക്ക് ഭാഗത്തായി ജില്ലാ കളക്ടറുടെ ഔദ്യോഗിക വസതിയ്ക്ക് സമീപം കിഴക്ക പടിഞ്ഞാറായി കിടക്കുന്ന പുറമ്പോക്ക് ഭൂമിയാണ് മിൽമ ബൂത്ത് നടത്തുന്നതിനായി പാട്ടത്തിന് നൽകുന്നതിനായി അപേക്ഷിച്ചിരിക്കുന്നത്. അപേക്ഷ പ്രകാരം 1/4/2021 മുതൽ 3 വർഷത്തേയ്ക്കാണ് പാട്ടത്തിന് അപേക്ഷിച്ചിട്ടുള്ളത്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുൻസിപ്പൽ പ്രദേശത്തെ പാട്ട നിരക്കുകൾ പ്രതിപാദിയ്ക്കുന്ന 28.01.2016-ലെ ജി.ഒ (പി) നം. 64/2016 /ആർഡി പ്രകാരം സഹകരണ സൊസൈറ്റികൾക്കും സ്ഥാപനങ്ങൾക്കും, പ്രതിവർഷം കമ്പോള വിലയുടെ 2% നിരക്കിലാണ് പാട്ടത്തുക കണക്കാക്കുന്നത്. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ റീസർവ്വെ നമ്പർ 669/3 ബിയിൽപ്പെട്ട 9 ച . മീ. ഭൂമി മിൽമ ബൂത്ത് നടത്തുന്നതിന് കോഴിക്കോട് മിൽമ ഡയറി മാനേജർക്ക് 2021 ഏപ്രിൽ മുതൽ 3 വർഷത്തേയ്ക്ക് താഴെ പറയും പ്രകാരം

പാട്ടത്തുകയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വർഷം | പാട്ടത്തുക |
|---|---|
| **2021-2022** | **3970/-** |
| **2022-2023** | **4370/-** |
| **2023-2024** | **5240/-** |

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii) ഭൂമി പാട്ടത്തിന് 'ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

v ) ഓരോ മൂന്ന് വർഷം കൂടുന്തോറും നിലവിലെ കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കുന്നതാണ്.

vi) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകപ്പിൽ പുനർനിക്ഷിപ്പമാകുന്നതാണ്.

5. ജില്ലാ കളക്ടർ മേൽപ്രകാരമുള്ള പാട്ടത്തുക കുടിശ്ശിക സഹിതം ഈടാക്കേണ്ടതും തുടർന്ന് 2024 മുതൽ പാട്ടം പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ ഒരു മാസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
INDU G I
അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,

അക്കൗണ്ടന്റ് ജനറൽ (എ & ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

മാനേജർ,കോഴിക്കോട് ഡയറി, MRCMPU Ltd, പെരിങ്ങലം, കുന്നമംഗലം. പി.ഒ കോഴിക്കോട്-673571

ധനകാര്യ വകുപ്പ് (EXP-A2/25/2021-FIN)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (എൽ1/187/2024-റവ)

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
Date: 20-01-2025 13:35:25

സെക്ഷൻ ഓഫീസർ